സമീക്ഷ

വാല്യം 6
2022 - 2023



## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# സോഷ്യോളജി ഗവേഷണ ജേർണൽ

Included In UGC Care List

# സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യു എഡിറ്റർ:
**ഡോ. സ്വപ്നാറാണി എസ്.എസ്.**

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല**
**സോഷ്യോളജി ഗവേഷണ ജേണൽ സമീക്ഷ**
**വാല്യം 6, 2022 - 2023**
(വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നത്)

**പ്രസിദ്ധീകരണ ഉപദേശകസമിതി**
ഡോ. സതീശ് ദേശ്പാണ്ഡെ, ഡോ. രജനി പാൽരിവാല, ഡോ. കെ. എൻ. ഗണേശ്, ഡോ. പി.കെ. പോക്കർ, ഡോ. ജാനകി എബ്രഹാം, ഡോ. കെ.ജി. ദിലീപ്, ഡോ. വിനീത മേനോൻ, ഡോ. എസ്. ഇരുദയ രാജൻ, ഡോ. കെ. ടി. റാം മോഹൻ, ഡോ. കെ. രവിരാമൻ, ഡോ. ആന്റണി പാലക്കൽ, ഡോ. ജെ. പ്രഭാഷ്, ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ്, ഡോ. എൻ. ജയറാം, ഡോ. ജോണി സി. ജോസഫ്, ടി. പി. കുഞ്ഞിക്കണ്ണൻ, ഡോ. ലക്ഷ്മി വി. നായർ.

**എഡിറ്റോറിയൽ ബോർഡ്**
ഡോ. കെ. എസ്. ഹക്കിം (ഡയറക്ടർ, സോഷ്യോളജി സ്കൂൾ)
ഡോ. സ്വപ്നാറാണി എസ്. എസ്. (അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി സ്കൂൾ)

**ചീഫ് എഡിറ്റർ**
ഡോ. എൽ. സുഷമ (വൈസ്ചാൻസലർ)

**ഇഷ്യു എഡിറ്റർ**
ഡോ. സ്വപ്നാറാണി എസ്. എസ്. (അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി സ്കൂൾ)

**പ്രസാധകൻ**
പ്രൊഫ. കെ.എം. ഭരതൻ (രജിസ്ട്രാർ ഇൻ-ചാർജ്ജ്)

**പ്രസിദ്ധീകരണ ഏകോപനം**
ഡോ. ശ്രീകുമാർ എ. ജി. (പബ്ലിക്കേഷൻ ഓഫീസർ)

**കവർപേജ് രൂപകല്പന**
പി. ഷിജീഷ്

---

Thunchath Ezhuthachan Malayalam University
Sociology Research Journal Sameeksha

Vol.6, 2022-2023 (Annual)
Chief Editor: Dr. L. Sushama (Vice Chancellor)
Issue Editor: Dr. Swapnarani S.S. (Assistant Professor, School of Sociology)
Publisher: Prof. K.M. Bharathan ( Registrar in-charge)

© Thunchath Ezhuthachan Malayalam University

Aksharam Campus, Vakkad P.O., Tirur, Malappuram Dist., Kerala, India - 676 502.
Price Rs. 200/-

Printed at : The Calicut University Central Co-operative Stores Ltd.
Published by :
School of Sociology
Thunchath Ezhuthachan Malayalam University

# സാമൂഹ്യ വിഷയങ്ങളുടെ സമൂഹശാസ്ത്ര വിചിന്തനങ്ങൾ

ഇഷ്യു എഡിറ്റർ

ഡോ. സ്വപ്നാറാണി എസ്.എസ്.

Vidya Ram

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

തിരൂർ, മലപ്പുറം, കേരളം.

# ഉള്ളടക്കം


| | | |
|---|---|---|
| | എഡിറ്റോറിയൽ | 04 |
| 1. | മനുഷ്യ-വന്യജീവി സംഘർഷവും ആനകാവൽക്കാരും: ജീവനം, ഉപജീവനം, വെല്ലുവിളികൾ<br>ലിജോ പി ജോർജ് & എം എസ് ജയകുമാർ | 05-22 |
| 2. | പുനരധിവാസവും നഷ്ടപരിഹാരവിതരണവും: വല്ലാർപ്പാടം പദ്ധതിയെ മുൻനിർത്തിയുള്ള സമൂഹശാസ്ത്രപഠനം<br>ബുഷറാ ബീഗം ആർ. കെ. | 23-46 |
| 3. | പാൻ ഇന്ത്യൻ ചലച്ചിത്രങ്ങളിലെ സ്ത്രീ പുരുഷ കഥാപാത്ര നിർമിതി : സൈദ്ധാന്തിക പരിസരങ്ങൾ<br>വിദ്യ ആർ. | 47-55 |
| 4. | കുംഭാര സമൂഹത്തിലെ സ്ത്രീജീവിതങ്ങൾ<br>സവ്യ വി. നീലങ്കാവിൽ, പുഷ്പം എം. | 56-64 |
| 5. | സ്ത്രീ ഉന്നമനവും കേരളീയ നവോത്ഥാനവും : ഒരു പുനർവായന<br>മായാദേവി എം. | 65-81 |
| 6. | മധ്യകാല കേരളീയ സമൂഹപഠനം ലിഖിതവിജ്ഞാനീയത്തിലൂടെ<br>മഞ്ജുഷ ആർ. വർമ്മ | 82-97 |
| 7. | ചിലപ്പതികാരം : കാലം, ദേശം, കേരളീയസമൂഹം<br>ശുഭ കെ. | 98-118 |
| 8. | കേരളത്തിലെ ഗോത്രവിഭാഗങ്ങളും സർക്കാർ പദ്ധതികളും : പ്രശ്നങ്ങളും പ്രതിസന്ധികളും മുൻനിർത്തി ഒരു അവലോകനം<br>സി. ഗണേഷ് | 119-133 |
| 9. | ഓണവില്ല് ചിത്രകലയും: സാമൂഹിക സാംസ്കാരിക തലങ്ങളും<br>സാജു കെ. നായർ | 134-147 |
| 10. | പൊതുഇടവും സ്ത്രീനിർമിതിയും: കേരളീയ സാമൂഹ്യപരിസരങ്ങളിൽ<br>സ്വപ്നാറാണി എസ്.എസ്. | 148-172 |

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
സോഷ്യോളജി ഗവേഷണ ജേണൽ
സമീക്ഷ
വാല്യം 6
2022 - 2023

# കേരളത്തിലെ ഗോത്രവിഭാഗങ്ങളും സർക്കാർ പദ്ധതികളും : പ്രശ്നങ്ങളും പ്രതിസന്ധികളും മുൻനിർത്തി ഒരു അവലോകനം

■ സി. ഗണേഷ്.*

**സംഗ്രഹം**

കേരളത്തിലെ ഗോത്രസമൂഹത്തിന്റെ പുരോഗതിക്കായി സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വികസനപരികൽപനയുടെ തുടക്കം മുതൽ ഗോത്രവിഭാഗങ്ങളുടെ ഉന്നമനം പ്രധാന ലക്ഷ്യമായിരുന്നു. വിദ്യാഭ്യാസം, ഭൂമി, ദാരിദ്ര്യ നിർമ്മാർജ്ജനം, പാരിസ്ഥിതിക വികസനം എന്നീ മേഖലകളെ വിശകലനം ചെയ്തുകൊണ്ടും തെരെഞ്ഞെടുത്ത പദ്ധതികളെ വിലയിരുത്തിക്കൊണ്ടുമുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ കാതൽ. ഒപ്പം ഗോത്രജനവിഭാഗങ്ങളുടെ അരികുവൽക്കരണത്തിന്റെ സാമൂഹ്യപശ്ചാത്തലവും ചർച്ച ചെയ്യുന്നു. ഏതെങ്കിലും ഒരു മേഖലയിലെ ഗോത്രവിഭാഗത്തിന്റെ സൂക്ഷ്മപഠനമായിട്ടല്ല ഈ പ്രബന്ധം വിഭാവനം ചെയ്തിരിക്കുന്നത്. ഗോത്രവിഭാഗങ്ങൾക്കായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പ്രായോഗികപ്രശ്നങ്ങളും പ്രതിസന്ധികളും വിവരിക്കുന്നതോടൊപ്പം പരിഹാരനിർദേശങ്ങളും മുന്നോട്ടു വെക്കുന്നു. അട്ടപ്പാടി, വയനാട്, ഇടുക്കി എന്നീ മേഖലകളിലെ ഗോത്രവിഭാഗങ്ങളെ പൊതുവിൽ അഭിസംബോധന ചെയ്തുകൊണ്ടാണ് നിരീക്ഷണങ്ങൾ ക്രോഡീകരിച്ചിരിക്കുന്നത്.

## ആമുഖം

സവിശേഷമായ സാമൂഹിക പിന്തുണ ആവശ്യമുള്ള ജനസമൂഹമാണ് ഗോത്രവിഭാഗങ്ങൾ. അതുകൊണ്ടാണ് സർക്കാർ ഗോത്രസമൂഹത്തിന്റെ പുരോഗതിക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശകലനത്തിലൂടെ ഗോത്രവിഭാഗങ്ങളുടെ വികസന സംബന്ധിയായ വിഭാവനമാണ് തെളിയുന്നത്.

---

* അസിസ്റ്റന്റ് പ്രൊഫസർ, സാഹിത്യരചനാസ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, മലപ്പുറം.

**ഗോത്രസമൂഹം**

കേരളത്തിലെ ജനസംഖ്യയുടെ 1.4 ശതമാനം മാത്രം വരുന്നതും നിരവധി ഗോത്രങ്ങളും ഉപജാതികളുമായി ജീവിക്കുന്ന കേരളത്തിലെ ഗോത്രസമൂഹത്തിന്, ദീർഘമായ ചരിത്രമുണ്ട്. ഭരണഘടനയുടെ 341, 342 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗമാണ് പട്ടികജാതി/പട്ടിക വർഗ്ഗക്കാർ. 2001-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ ജനസംഖ്യ 3123941 ഉം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജനസംഖ്യ 364189 ഉം ആണ്. എന്നാൽ 2004-ൽ പട്ടികവർഗ്ഗ ലിസ്റ്റിൽ മാവിലൻ, കരിമ്പാലൻ തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയും മറാട്ടി വിഭാഗത്തെ ഒഴിവാക്കുകയും ചെയ്തതിനാൽ 30000 ലധികം പേർ പട്ടികവർഗ്ഗ വിഭാഗത്തിൽ കൂടുതലായി വന്നിട്ടുണ്ടാവുമെന്നാണ് കണക്കാക്കുന്നത്. സംസ്ഥാനത്ത് 709143 പട്ടികജാതി കുടുംബങ്ങളും 92785 പട്ടികവർഗ്ഗ കുടുംബങ്ങളും 482 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളും ഉണ്ടെന്നാണ് കണക്കാക്കുന്നത് (കേരളസർക്കാർ റിപ്പോർട്ട്, 2008). ഇതിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാക്ഷരതാ നിരക്ക് 64.4 ശതമാനമാണ്. 36 വ്യത്യസ്ത ഗോത്ര സമൂഹങ്ങളിലായാണ് ഈ വിഭാഗക്കാർ ചിതറിക്കിടക്കുന്നത് (മനോജ്, 2013). 2004-2005ൽ കിർത്താഡ്സ് നടത്തിയ സർവ്വേ പ്രകാരം 6000 കുടുംബങ്ങളാണ് പ്രാക്തന ഗോത്രവർഗ്ഗക്കാർ (ശാന്ത തുളസീധരൻ, 2016). കേരളത്തിലെ ഗോത്രസങ്കേതങ്ങളിൽ അധികവും വയനാട്, ഇടുക്കി, അട്ടപ്പാടി മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലെയും കാടുകളിലും മലകളിലും ആദിവാസി ഊരുകളുണ്ട്. 2011 സർവ്വേ പ്രകാരം ഗോത്രജനസംഖ്യ പത്ത് ശതമാനം വർദ്ധനവ് കാണിക്കുന്നു (മനോജ് മാതിരപ്പള്ളി, 2013).

**ഗോത്ര വർഗ്ഗ പഠനങ്ങൾ**

എഡ്ഗാർ തഴ്സ്റ്റണും കെ.രംഗചാരിയും ചേർന്ന് രചിച്ച കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് ഓഫ് സൗത്ത് ഇന്ത്യ (1909,ഏഴ് വാല്യങ്ങൾ) എന്ന കൃതിയും തഴ്സ്റ്റന്റെ പഠനമായ എത്തനോഗ്രാഫിക് നോട്സ്(1906) എന്ന കൃതിയുമാണ് കേരളത്തിലെ ഗോത്രപഠനത്തിന് അടിസ്ഥാനമിട്ടത്. കൊച്ചിയി ലെയും തിരുവിതാംകൂറിലേയും ഗോത്രവർഗ്ഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് എൽ.കെ.അനന്തകൃഷ്ണ അയ്യർ ട്രൈബ്സ് ആൻഡ് കാസ്റ്റസ് ഓഫ് കൊച്ചിനും (1909) ദ ട്രാവൻകൂർ ട്രൈബ്സ് ആൻഡ് കാസ്റ്റ്സ് (1910) ഉം രചിച്ചു. ട്രൈബൽ അഫയേഴ്സ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന എ.എ.ഡി. ലൂയിസ്(1962) ഗോത്ര സമൂഹങ്ങളുടെ ഉല്പത്തി, സാമൂഹികചരിത്രം, സാമ്പത്തികാവസ്ഥ, സാംസ്കാരികഘടനയും വികാസവും, ഭൗതികാവ സ്ഥയിൽ സംഭവിക്കുന്ന മാറ്റങ്ങൾ, ഭക്ഷണശീലം, വസ്ത്രങ്ങൾ, ആടയാഭര ണങ്ങൾ എന്നിങ്ങനെ അവരുടെ ജീവിതത്തിന്റെ നാനാവശങ്ങളും ചർച്ച ചെയ്തിട്ടുണ്ട് (ഗോപിനാഥൻ ആർ, 2019).

എൽ. കെ അനന്തകൃഷ്ണയ്യർ, എൽ. എ. കൃഷ്ണയ്യർ തുടങ്ങിയ പണ്ഡിതരുടെ ഗോത്രവർഗ പഠനങ്ങൾ കേരളത്തിലെ ആദ്യനിവാസികളെപ്പറ്റി

സമഗ്രമായ ചിത്രം തന്നു. ശേഷം വി. എം കുട്ടികൃഷ്ണമേനോൻ, ചുമ്മാർ ചൂണ്ടൽ, എം ആർ പങ്കജാക്ഷൻ,കെ.പാനൂർ, എം.വി.വിഷ്ണു നമ്പൂതിരി, വി കെ ശ്രീധരൻ, കുമാരൻ വയലേരി, വി.കെ.കരുണാകരൻ, കെ വേലപ്പൻ, ഡോ. വിശ്വനാഥൻ, വി. എച്ച് ദിരാർ തുടങ്ങിയവർ ഗോത്ര സംസ്കൃതിയെക്കുറിച്ച് പഠനം നടത്തിയിട്ടുള്ളവരാണ്.

കേരളത്തിലെ ഗോത്രവർഗ്ഗങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ പണ്ഡിതർ വ്യത്യസ്ത അഭിപ്രായക്കാരാണ്. 1960-കളുടെ തുടക്കത്തിൽ ലൂയിസ് 48 ഗോത്രവർഗങ്ങളെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ നെട്ടൂർ പി ദാമോദരന്റെ (1974) അഭിപ്രായത്തിൽ 45 ആദിവാസി സമൂഹങ്ങളാണ് ഇവിടെ യുള്ളത്. ഡോ പി സോമശേഖരൻ നായർ സംസ്ഥാനത്തെ ആദിവാസി ജനസമൂഹങ്ങളുടെ എണ്ണം 41 നും 54 നും ഇടയിലാണെന്ന് അഭിപ്രായപ്പെടുന്നു (പി സോമശേഖരൻ നായർ, 2018). 2002 -ലെ സർക്കാർ ലിസ്റ്റ് പ്രകാരം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട 36 ഗോത്രവർഗങ്ങളാണ് കേരളത്തി ലുള്ളത്. ചില ഗോത്രങ്ങളുടെ നാമകരണത്തിലെ പ്രത്യേകത കാരണം ചില സാമൂഹ്യശാസ്ത്രജ്ഞർ 37 ഗോത്രങ്ങളുണ്ടെന്ന് പറയുന്നു (സർക്കാർ സർവെ റിപ്പോർട്ട്,2002).

**കേരളത്തിലെ ഗോത്രവിഭാഗങ്ങൾ**

1. അടിയർ
2, അരനാടാർ
3. ആളാർ
4. അല്ലർ
5.ഇരുളർ
6.ഊരാളി
7.എരവാലർ
8.കാടർ
9. കനലാടി
10. കാണിക്കാർ
11. കരവഴി
12. കരിംപാലൻ
13.കാട്ടുനായ്ക്കർ
14. കൊച്ചുവേലൻ
15. കൊറഗർ
16. കൊണ്ടറെഡ്ഡി
17.കുണ്ടുവടിയർ
18. കൊപ്പാലൻ
19.കുറിച്യർ
20. കുറുമർ
21. കുറുമ്പർ
22.ചിങ്ങത്താൻ
23. മലയരയൻ

24. മലക്കാരൻ
25.മലകുറവൻ
26. മലമലസർ
27.മലപ്പണ്ടാരം
28.മലപണിക്കർ
29.മലശ്ശർ
30.മലവേടൻ
31.മലവേട്ടുവൻ
32. മലയടിയർ
33.മലരൂപൻ
34.മാവിലൻ
35 മുടുഗർ
36. ഊരാളിക്കുറുമർ

സംസ്ഥാനത്ത് നിലവിലുള്ള ഒരു ഗോത്രപട്ടികയും പൂർണ്ണമെന്നു പറയാനാവില്ല. ഒരേ ഗോത്രം തന്നെ പല പേരുകളിൽ അറിയപ്പെടുന്നതും ഗോത്രമായി കണ്ടെത്താനാവാത്ത വിധം ചിതറിക്കിടക്കുന്നതും ഈ പട്ടിക സങ്കീർണ്ണമാക്കുന്നു.

**രീതിശാസ്ത്രം**

കേരളത്തിലെ ഗോത്രവിഭാഗത്തിന്റെ ഭൗതിക നിലനിൽപ്പിനെക്കുറിച്ചുള്ള കണക്കുകളുടെ സഹായത്തോടെ ജനവിഭാഗത്തിന്റെ സാമൂഹികചിത്രം അവതരിപ്പിച്ചു കൊണ്ടാണ് പ്രബന്ധം ആരംഭിക്കുന്നത്. തുടർന്ന് കേരളത്തിലെ ഗോത്രവിഭാഗങ്ങളെക്കുറിച്ച് നടന്ന പൂർവപഠനങ്ങൾ ഹ്രസ്വമായി വിവരിക്കുന്നു. കേരളത്തിലെ ഗോത്രവിഭാഗങ്ങളുടെ പട്ടികപ്പെടുത്തൽ ഇനിയും പൂർത്തിയായിട്ടില്ലെന്ന തിരിച്ചറിവോടെ ഈ വിഷയത്തിന്റെ സങ്കീർണ്ണത അവതരിപ്പിക്കുന്നു.

തുടർന്ന് ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതികളെ വിദ്യാഭ്യാസം, ഭൂമി, ദാരിദ്ര്യ നിർമ്മാർജ്ജനം, പാരിസ്ഥിതിക വികസനം എന്നിങ്ങനെ നാല് മേഖലകളായി തിരിച്ചുകൊണ്ട് ഇവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക പ്രശ്നങ്ങളും ഫലങ്ങളും ചർച്ച ചെയ്യുന്നു. 2008-ൽ പ്രസിദ്ധീകരിച്ച ഗവൺമെൻറ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച റിപ്പോർട്ട്, 2011-ലെ ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ സെൻസസ് റിപ്പോർട്ട്, 2013 -ലെ പട്ടികജാതി വർഗ്ഗ വികസന വകുപ്പിന്റെ റിപ്പോർട്ട്, 2014 ൽ മനു ജോർജ് നടത്തിയ സ്കൂളിലെ കൊഴിഞ്ഞു പോക്കിനെകുറിച്ചുള്ള പ്രോജക്ട് റിപ്പോർട്ട്, മുതുവാൻ സമുദായത്തെക്കുറിച്ച് ഗാന്ധി ഗ്രാം സർവ്വകലാശാലയിൽ രമേഷ് കെ നടത്തിയ ഗവേഷണം എന്നിവയാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്ന ആധികാരിക ദത്തങ്ങൾ. ഗോത്രവിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ ആസൂത്രണം യഥാർത്ഥത്തിൽ അഞ്ചാം പഞ്ചവത്സരപദ്ധതി മുതലാണ് ആരംഭിക്കുന്നത്. ഗോത്രവിഭാഗങ്ങളുടെ പ്രത്യേകമായുള്ള സാമൂഹികപുരോഗതി എന്ന ആശയം

ഉൾക്കൊണ്ടുകൊണ്ട് സർക്കാർ പദ്ധതികളുടെ ഫലപരിശോധനയാണ് ഈ പ്രബന്ധം നടത്തുന്നത്. സർക്കാർ പദ്ധതികളുടെ നടത്തിപ്പ് പ്രക്രിയപരമായി പരിശോധിക്കുന്നതോടൊപ്പം ഉദ്ദേശിച്ച ഫലം കണ്ടെത്തിയോ എന്നും അന്വേഷിക്കുന്നു. പദ്ധതി മുന്നോട്ടുവച്ച ലക്ഷ്യം, അവയുടെ ആസൂത്രണം, നടത്തിപ്പ്, പ്രായോഗിക പ്രശ്നങ്ങൾ, ഭാവിയിലേക്ക് വേണ്ടുന്ന കരുതലുകൾ എന്നിങ്ങനെ ഓരോ മേഖലയിലെയും പദ്ധതികളെ വിശകലനം ചെയ്തിട്ടുണ്ട്.

പദ്ധതികളുടെ വിഭാവനവും നടത്തിപ്പും സൂക്ഷ്മപഠനമായി വികസിപ്പിച്ച് ചർച്ച ചെയ്തിട്ടുണ്ട്. തൊണ്ണൂറുകളിലെ സാമ്പത്തിക നയങ്ങളുടെയും സാമ്പത്തിക ഉദാരവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ സർക്കാർ പദ്ധതികളിൽ വന്നിട്ടുള്ള മാറ്റം സാന്ദർഭികമായി ചർച്ചചെയ്യുന്നുണ്ട്. സർക്കാർ നടപ്പിലാക്കിയ പദ്ധതികളിലൂടെ ഗോത്രവിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റം എത്രമാത്രം ഫലവത്തായി എന്ന അന്വേഷണമാണ് പരിമിതമായെങ്കിലും പ്രബന്ധം നടത്തുന്നത്. ഏതെങ്കിലും ഒരു ഗോത്രവിഭാഗത്തിന്റെ പഠനമായി ചുരുക്കാതെ കേരളത്തിലെ മുഴുവൻ ഗോത്രവിഭാഗങ്ങളുടെയും വിശകലനമായാണ് പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്. ഗോത്രമേഖലയിൽ നടത്തിയിട്ടുള്ള മുഴുവൻ പദ്ധതികളുടെയും സമഗ്രഅവലോകനം ലഭ്യമല്ല എന്നതാണ് ഈ പ്രബന്ധത്തിന്റെ പ്രധാന പരിമിതി. 2021-ൽ കോവിഡ് മഹാമാരി കാരണം ജനസംഖ്യ കണക്കെടുപ്പ് നടക്കാത്തതിനാൽ ഏറ്റവും പുതിയ കണക്കുകൾ ഉൾക്കൊള്ളിക്കാൻ കഴിയാത്തതും പരിമിതിയാണ്.

**സർക്കാർ പദ്ധതികൾ**

സംസ്ഥാന രൂപീകരണത്തിനു ശേഷം കേരള സംസ്ഥാനം നേരിട്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായും ഗോത്രവർഗ വികസനത്തിനായി ആയിരക്കണക്കിന് കോടി രൂപ വിവിധ പദ്ധതികളിലായി ചെലവഴിച്ചിട്ടുണ്ട്. എന്നിട്ടും ഗോത്രവിഭാഗങ്ങളിൽ അപൂർവം വിഭാഗങ്ങൾ ഒഴികെയുള്ള എല്ലാവരും ഏറ്റവുമധികം പിന്നാക്കമായ അവസ്ഥയിലാണുള്ളത്.

ഗോത്രജനതയുടെ അടിസ്ഥാന പ്രശ്നമായ ഭൂമിപ്രശ്നം പോലും ഇതുവരെയും പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഗോത്രസമൂഹം നേരിടുന്ന അതിരൂക്ഷമായ അരികുവൽക്കരണത്തിലേക്ക് പൊതുജനശ്രദ്ധ തിരിയേണ്ടതുണ്ട്. ഗോത്രജനതയുടെ ജീവിതത്തോടും സംസ്കാരത്തോടും പ്രശ്നങ്ങളോടും സക്രിയമായ സമീപനം പുലർത്താതെ ഇനി കേരളവികസനത്തെക്കുറിച്ച് സംസാരിക്കാൻ മുഖ്യധാരാ സമൂഹത്തിന് അവകാശമില്ല.

ചരിത്രം പരിശോധിച്ചാൽ, കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം നിരവധിയായ സാമൂഹിക വികസന പദ്ധതികൾ ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. പല കാരണങ്ങളാൽ പൂർണ്ണമായും ഫലപ്രാപ്തിയിലെത്താതെ പോയിട്ടുണ്ടെങ്കിലും അവയുടെ കുറവുകൾ കണ്ടെത്തി പരിഹരിക്കുക മാത്രമാണ് ഏക പോംവഴി. ഘടനാപരമായ മാറ്റം പദ്ധതിയിലും നയത്തിലും ആവശ്യമായിരിക്കാം. മാറുന്ന കാലത്തിന് അനുസരിച്ചും ആദിവാസി ജനതയുടെ പ്രകൃതിവീക്ഷണത്തോട് പരമാവധി

കൂറ് പുലർത്തിയും പദ്ധതികളെ പുനർവിഭാവനം ചെയ്യേണ്ടതും അത്യാവശ്യമാണ്. ഗോത്രവിഭാഗങ്ങൾക്കായി ആവിഷ്കരിക്കപ്പെട്ട പദ്ധതി കളുടെ വിഭാവനവും നടത്തിപ്പും വിശകലനം ചെയ്യാനാണ് പ്രബന്ധം ഇനിയങ്ങോട്ട് ശ്രമിക്കുന്നത്.

**വിദ്യാഭ്യാസം**

1981 -ലെ കണക്കനുസരിച്ച് കേരളത്തിലെ ഗോത്രവിഭാഗങ്ങളിൽ 31 ശതമാനം മാത്രമാണ് സാക്ഷരതയുള്ളത്. സമ്പൂർണ്ണ സാക്ഷരതായജ്ഞ പരിപാടിയോടനുബന്ധിച്ച് ഇത് എഴുപത്തഞ്ച് ശതമാനമായി ഉയർന്നു(75.8%). എങ്കിലും കേരളത്തിലെ പൊതുസാക്ഷരതാനിലവാരത്തോട് തട്ടിച്ചു നോക്കുമ്പോൾ ആദിവാസികൾക്കിടയിലെ സാക്ഷരതാനിലവാരം കുറവാണ് (സെൻസസ് റിപ്പോർട്ട്, 2011). ഗോത്രസ്ത്രീകൾക്കിടയിലാണ് നിരക്ഷരത ഏറ്റവും കൂടുതലുള്ളത്. സ്ത്രീകളിൽ 26% പേർക്കാണ് അക്ഷര ജ്ഞാനമുള്ളത്. 2011 -ലെ കില സർവേ പ്രകാരം ആദിവാസി സാക്ഷരത 33 വിഭാഗങ്ങളിൽ എഴുപത്തിരണ്ട് ശതമാനമാണ് (കില സർവെ റിപ്പോർട്ട്, 2011). ഇടുക്കിയിലെ മുതുവാൻ സമുദായത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് രമേഷ് കെ നടത്തിയ പഠനത്തിൽ ഏറ്റവും കൂടുതൽ വിദ്യാർഥി കൊഴിഞ്ഞു പോക്ക് നേരിടുന്ന ജില്ല ഇടുക്കിയാണെന്ന് പറയുന്നു. ഭാഷയും സാസംകാരിക സവിശേഷതയും തിരിച്ചറിഞ്ഞ് വിദ്യാഭ്യാസപദ്ധതി ആസൂത്രണം ചെയ്യേ ണ്ടതിന്റെ ആവശ്യകത രമേഷ്. കെ (2019) ഊന്നിപ്പറയുന്നുണ്ട്.

ഗോത്രവർഗ്ഗക്കാരുടെ വിദ്യാഭ്യാസ മുന്നേറ്റത്തിനായി സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതിയി നത്തിലും പദ്ധതിയേതര ഇനത്തിലും ബഡ്ജറ്റിൽ വിലയിരുത്തുന്ന തുകയുടെ 60% വിദ്യാഭ്യാസകാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത് (സർക്കാർ റിപ്പോർട്ട്, 2008, പേജ് 10).

പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന് കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം, ലംപ്സം ഗ്രാൻഡ്,ത്രൈമാസ സ്റ്റൈപ്പൻഡ് എന്നിവ നൽകുന്നുണ്ട്. പത്താം ക്ലാസ് കഴിഞ്ഞുള്ള വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാൻഡും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു.

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലും പ്രാഥമിക സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം, ബോർഡിങ് ഗ്രാൻഡ്, പട്ടികവർഗ്ഗ മാതാപിതാക്കൾക്കുള്ള പ്രോത്സാഹനം, വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി, വിദഗ്ധരായ വിദ്യാർഥികൾക്കുള്ള പ്രത്യേക പ്രോത്സാഹനം തുടങ്ങി ചെറുതും വലുതുമായ പദ്ധതികളുണ്ട്.

സമർത്ഥരായ പട്ടികവർഗ്ഗക്കാർക്ക് മേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി താമസ സൗകര്യങ്ങളോടെ പബ്ലിക്സ്കൂൾ മാതൃകയിൽ വിഭാവനം ചെയ്യപ്പെട്ടവയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ അഥവാ ആശ്രമം സ്കൂളുകൾ. എം.ആർ.എസ്. എന്ന ചുരുക്കപ്പേരിലാണ് ഇവ അറിയ

പ്പെടുന്നത്. ഇത്തരത്തിലുള്ള 25 -ലധികം വിദ്യാലയങ്ങൾ കേരളത്തിലുണ്ട്. നാലുവർഷത്തിലൊരിക്കൽ മാത്രം കുട്ടികളെ പ്രവേശിപ്പിക്കുന്ന ഏകാധ്യാപക വിദ്യാലയങ്ങളാണ് ആശ്രമം സ്കൂളുകൾ. വ്യവസായിക സാങ്കേതിക വിഷയങ്ങളിൽ തൊഴിൽ പരിശീലനം നൽകുന്ന നിരവധി കേന്ദ്രങ്ങൾ ഊരുകളിൽ തുറന്നിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ ചെലവിനത്തിൽ 9.5 കോടി രൂപ പ്രതിവർഷം ആവശ്യ മുണ്ടെങ്കിലും 7.5 കോടി മാത്രമേ ബഡ്ജറ്റിൽ നീക്കിവെക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് സർക്കാർ റിപ്പോർട്ട് പരാമർശിക്കുന്നു (സർക്കാർ റിപ്പോർട്ട്, 2008).

ഗോത്ര വിഭാഗങ്ങൾ വിദ്യാഭ്യാസപരമായി പിന്നോട്ട് പോകുന്നതിനുള്ള കാരണങ്ങൾ വിവിധ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവ താഴെ പറയുന്നു.

1. സ്കൂളുകളുടെ ലഭ്യതക്കുറവ്
2. അശാസ്ത്രീയമായ പാഠ്യപദ്ധതി
3. മാനകഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള പരിമിതി.
4. സാമ്പത്തിക പിന്നോക്കാവസ്ഥ.
5. സാമൂഹിക കാരണങ്ങൾ
6. കുടുംബ സാഹചര്യം.
7. കൊഴിഞ്ഞുപോക്ക് തുടങ്ങിയ വിദ്യാഭ്യാസാനുബന്ധ പ്രശ്നങ്ങൾ.

മനു ജോർജ് (2014) വയനാട്ടിലെ പണിയ വിഭാഗക്കാർക്കിടയിൽ നടത്തിയ പഠനത്തിൽ വിദ്യാഭ്യാസത്തോടുള്ള കുട്ടികളുടെ സമീപനത്തിലെ പോരായ്മ, അനുയോജ്യമല്ലാത്ത കുടുംബാന്തരീക്ഷം, രക്ഷാകർത്താക്കളുടെ മദ്യപാനം, ദാരിദ്ര്യം, പഠനം നിർത്തിയ കുട്ടികളുടെ സ്വാധീനം എന്നിവ കൊഴിഞ്ഞു പോക്കിനു കാരണങ്ങളായി വിലയിരുത്തുന്നു.

കഴിഞ്ഞ 65 വർഷത്തെ കേരള ഗവൺമെന്റിന്റെ ഇടപെടൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽ പലതും പരിഹരിക്കാൻ കാരണമായിട്ടുണ്ട്. സ്കൂളുകളുടെ ലഭ്യത ഏതാണ്ട് ഉറപ്പുവരുത്താനും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ആദിവാസി വിദ്യാർത്ഥികളെ പരമാവധി സ്കൂളുകളിൽ എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. മാതൃകവിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മികച്ച പഠനാന്തരീക്ഷവും, പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള സൗകര്യവും, നല്ല താമസ-ഭക്ഷണ സൗകര്യങ്ങളും ഇവിടെ ലഭിക്കുന്നു. എന്നാൽ പ്ലസ്ടു പൂർത്തിയാകുന്നതോടെ വിദ്യാർഥികൾക്ക് ഉപരിപഠനത്തിനായി മറ്റു സാധാരണ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു. ഇവിടെ വിദ്യാർത്ഥികൾ നേരിടുന്ന ഭാഷ, താമസം, പഠനാന്തരീക്ഷം, വ്യക്തി അടിസ്ഥാനത്തിൽ ലഭിക്കുന്ന ശ്രദ്ധക്കുറവ്, വ്യക്തി എന്ന നിലയിലേക്ക് വളർന്ന് സ്വന്തം കാര്യങ്ങൾ തനിയെ ചെയ്തെടുക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ എന്നിങ്ങനെ വിവിധ പ്രശ്നങ്ങൾ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നു. സ്പെഷ്യൽ സ്കൂളുകളിൽ ഗോത്ര

വിദ്യാർത്ഥികളെ സാമൂഹികമായി സ്വന്തം ആവാസ വ്യവസ്ഥയിൽ നിന്നും, പൊതുജീവിതത്തിൽ നിന്നും ഒരു മാറിനിൽക്കൽ (Isolation) വരാത്ത രീതിയിൽ ക്രമീകരിക്കണം. താമസസൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഊരുകളിൽ തന്നെ സ്ഥാപിക്കാം. അവിടെ കരിക്കുലം പ്രകൃതിവീക്ഷണ ത്തിലാവണം. കുട്ടികൾക്ക് അപരിചിതത്വം അനുഭവപ്പെടാത്ത വിധത്തിൽ തന്നെ അവരുടെ അന്യഭാഷകൾ, അവർക്ക് ഇഷ്ടമുള്ള വിധത്തിൽ പഠിക്കാനുള്ള സൗകര്യം ചെയ്യാൻ സാധിക്കണം. സ്വന്തം ആവാസത്തിൽ നിന്നുകൊണ്ട് തന്നെ, നൂതന സാങ്കേതിക/ഭാഷാവിദ്യകൾ സ്വായത്തമാക്കാൻ കഴിഞ്ഞാൽ കൊഴിഞ്ഞു പോക്ക് കുറക്കാൻ കഴിയും.

ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡിപി ഇ പി), സർവ്വശിക്ഷാ അഭിയാൻ, സമഗ്ര ശിക്ഷ പരിപാടി എന്നിവയിലൊക്കെ ഗോത്രവർഗ്ഗ വിദ്യാഭ്യാസത്തിന് പ്രത്യേകം ഊന്നൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**ഭൂമി എന്ന അടിസ്ഥാന പ്രശ്നം**

ലോകത്ത് എവിടെയുമുള്ള ഗോത്രവിഭാഗങ്ങൾ നേരിട്ടിട്ടുള്ള അടിസ്ഥാന പ്രശ്നം സ്വന്തമായ ഭൂമിയില്ലായ്മയാണ്. കേരളത്തിലെ സ്ഥിതിയും മറിച്ചല്ല. ഗോത്ര വിഭാഗങ്ങൾക്ക് അവകാശപ്പെട്ട ഭൂമി ലഭിച്ചിട്ടില്ല എന്ന് മാത്രമല്ല ഭൂമിപ്രശ്നം ഇപ്പോഴും പൂർണമായും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. 2001-ലെ സെൻസസ് പ്രകാരം കേരളത്തിൽ ഭൂരഹിതരായ 22052 പട്ടികവർഗ്ഗ കുടുംബങ്ങളും 45362 പട്ടികജാതി കുടുംബങ്ങളുമാണ് ഉള്ളത്.

കോളനിവൽക്കരണ കാലത്തിന്റെ മധ്യഘട്ടത്തിലും അന്ത്യഘട്ടത്തി ലുമായി നടപ്പിലാക്കിയ ഇന്ത്യൻ വന നിയമം (1878, 1927) വനഭൂമി സംരക്ഷി ക്കുക,വനവിഭവചൂഷണം തടയുക എന്നീ ലക്ഷ്യങ്ങളോടെ ആയിരുന്നു. വനഭൂമിയെ സംരക്ഷിത വനം, ആരക്ഷിതവനം, ഗ്രാമീണവനം എന്നിങ്ങനെ തിരിച്ചുകൊണ്ടാണ് ഈ നിയമം നടപ്പിലാക്കിയത്. ഇതുമൂലമാണ് സംസ്ഥാന സർക്കാരുകൾക്ക് വനഭൂമിയിൽ അവകാശവും സംരക്ഷിക്കാനുള്ള ഉത്തരവാ ദിത്തവും ലഭിക്കുന്നത്. 1930കളിൽ ആരംഭിച്ച മലബാർ കുടിയേറ്റം കേരളചരി ത്രത്തിൽ, കൃഷിമണ്ണ് തേടിയുള്ള പ്രധാന സംഭവമാണ്.

ഭൂമിയുടെ ഉടമസ്ഥാവകാശത്തെക്കുറിച്ചും കുടിയിറക്കിനെക്കുറി ച്ചുമുള്ള പുതിയ പ്രശ്നങ്ങൾ പിന്നീടുണ്ടായി. ഭൂമി, വില്പനസാധ്യതയുള്ള മൂലധനമായി പരിണമിച്ചതോടെ ലാഭാധിഷ്ഠിതമായ ക്രയവിക്രയങ്ങളുടെ സാധ്യതയിലേക്കും കേരളീയർ പോവുകയായിരുന്നു.

പല കാലങ്ങളിൽ ആദിവാസികളിൽ നിന്ന് ഭൂമി കയ്യേറപ്പെട്ടു. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 1976-78ലെ സാമൂഹിക സാമ്പത്തിക സർവ്വേയിൽ ഈ കയ്യേറ്റത്തിന്റെ ഞെട്ടിക്കുന്ന കണക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു. അതിൻ പ്രകാരം 3546 കുടുംബങ്ങൾക്ക് 9859 ഏക്കർ ആദിവാസി ഭൂമിയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. 1976-നു ശേഷം വൻതോതിൽ ആദിവാസിഭൂമി കയ്യേറ്റം

ചെയ്യപ്പെട്ടിട്ടുണ്ട്. 2011 കണക്ക് പ്രകാരം ഭൂമികൈയേറ്റം 10150 ഏക്കർ കവിഞ്ഞു. പലതരത്തിലാണ് ഭൂമി കയ്യേറിയിരിക്കുന്നത്. എല്ലാം ആദിവാസിയുടെ അജ്ഞതയെ ചൂഷണം ചെയ്തും കബളിപ്പിക്കൽ മാർഗം ഉപയോഗിച്ചു മായിരുന്നു. ദരിദ്രരും നിസ്സഹായരുമായ ഗോത്ര ജനതയുടെ മേൽ ആധുനിക മനുഷ്യന്റെ എല്ലാ നാട്യങ്ങളും ഉപയോഗിച്ച് അടിസ്ഥാന രേഖകളിൽ തിരുത്തൽ വരുത്തിയും പുതിയ രേഖകൾ ഉണ്ടാക്കിയുമാണ് ആദിവാസി കളുടെ ഏക്കർ കണക്കിന് ഭൂമി മറ്റുള്ളവർ സ്വന്തമാക്കിയത്.

1930-കളിലാണ് അട്ടപ്പാടിയിലേക്കുള്ള കുടിയേറ്റം ആരംഭിച്ചത്. 1940കളിൽ അട്ടപ്പാടി സമ്പൂർണ്ണമായും ആദിവാസി മേഖലയായിയായിരുന്നു. എന്നാൽ ഇന്ന് അട്ടപ്പാടി കുടിയേറ്റക്കാരുടെ അധിവാസകേന്ദ്രമായി മാറിയിരിക്കുന്നു. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് അട്ടപ്പാടിയിലെ ജനസംഖ്യ പതിനായിരമായിരുന്നുവെന്ന് മദ്രാസ് റവന്യൂ ബോർഡ് സർവ്വേ പറയുന്നു. ആദിവാസികൾ അല്ലാത്തവർ 200-ൽ താഴെ പേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്.

1957-ൽ കേരള ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ് കേരള ഭൂപരിഷ്കരണ നിയമം. 1964 മുതൽ പൂർവ്വ പ്രാബല്യം കൊടുത്ത് പ്രസ്തുത നിയമം 1970 ജനുവരി ഒന്നിന് പാസാക്കിയപ്പോൾ തോട്ടംഭൂമി, വനഭൂമി എന്നിങ്ങനെ വിഭജിച്ചുകൊണ്ട് അടിസ്ഥാന വിഭാഗങ്ങൾക്ക് ഭൂമി കിട്ടുവാനുള്ള അവസരം ലഭിച്ചു. സർവ്വേ നടത്തി കേരളത്തിലെ ആകെ മിച്ചഭൂമി കണ്ടെത്തിയാണ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത്.

ഭൂപരിഷ്കരണം യാഥാർത്ഥ്യമാകും എന്ന് ഭയന്ന് അട്ടപ്പാടിയിലെ ചില ജന്മിമാർ വൻതോതിൽ ഭൂമിവിൽപ്പന നടത്തിയും ആദിവാസികളിൽ നിന്ന് പ്രതിഫലം നൽകാതെ ഭൂമി പങ്കുപറ്റിയും ഗോത്രജനതയെ കബളിപ്പിച്ചിട്ടുണ്ട്.

1990-ലെ നയരൂപീകരണത്തിൽ പഞ്ചായത്ത്രാജ് വ്യവസ്ഥയിൽ ആദിവാസി ഭൂമി സംരക്ഷണത്തിനായി ചില നിർദ്ദേശങ്ങൾ ഉണ്ടായി.

1. അന്യാധീനപ്പെട്ട ഭൂമിയുടെ തിരിച്ചെടുക്കൽ.
2. ഗവൺമെൻറ് ഭൂമി വിലയ്ക്ക് വാങ്ങുകയും പതിച്ചു കൊടുക്കുകയും ചെയ്യുക
3. കണ്ടെത്തിയ മിച്ചഭൂമി പതിച്ചു കൊടുക്കുക
4 പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് റിസർവ് ഫോറസ്റ്റ് ഉൾപ്പെടെ ഭൂമി നൽകുക.

വികസനരംഗത്ത് പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. എന്നാൽ വികസന സങ്കല്പത്തിൽ ഗോത്രവിഭാഗങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന വാദം ശരിയല്ല. സേവനമേഖലയുടെ വിപുലീകരണവും അതിന് സർക്കാർ നൽകിയിരുന്ന പിന്തുണാസംവിധാനങ്ങളുമായിരുന്നു സംസ്ഥാന വികസന മാതൃകയുടെ അടിസ്ഥാന ഘടകം. എന്നാൽ ഈ രംഗത്ത് ആദിവാസികൾ അരികുവൽക്ക രണത്തെ നേരിടേണ്ടിവന്നു.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ നൽകാനായി 1975ൽ നിയമനിർമാണം നടത്തപ്പെട്ടു. എന്നാൽ പതിറ്റാണ്ടുകൾക്ക് ശേഷവും ഇത് നടപ്പായില്ല. 1999 ൽ പ്രസ്തുത നിയമം റദ്ദു ചെയ്തുകൊണ്ട് പുതിയൊരു നിയമം ഉണ്ടായി. അതിൽ നഷ്ടപ്പെട്ട ഭൂമിക്ക് പകരം ഭൂമിയും വീട് വയ്ക്കുന്ന തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള പ്രധാനസഹായവുമായിരുന്നു വാഗ്ദാനം ചെയ്തത് (പ്രസാദ് എം കെ, 2003).

ഗോത്രവിഭാഗങ്ങൾക്ക് നൽകുന്ന ഭൂമി പോലും എന്നും അന്യാധീന പ്പെടാവുന്ന ഭാവിയെ കണ്ടുകൊണ്ട് നാളെയും അവർക്ക് നിയമപരമായ സംരക്ഷണം കിട്ടുന്ന രീതിയിൽ പദ്ധതി ആസൂത്രണം നടപ്പിലാക്കണമെന്ന് പരിഹാരം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആദിവാസി ഭൂരിപക്ഷമുള്ള പഞ്ചായ ത്തുകൾക്ക് സ്പെഷ്യൽപദവി നൽകുകയും അവിടെ ആദിവാസികളുടെ സവിശേഷ ജനാധിപത്യ സമിതികൾ രൂപീകരിക്കുകയും ചെയ്യേണ്ടി വന്നേക്കാം. അവരുടെ നേതൃത്വത്തിൽ ആദിവാസികളുടെ ഉത്പാദന വിതരണ രൂപങ്ങൾ സംഘടിപ്പിക്കേണ്ടതായും വരും. ഇന്നത്തെ ട്രൈബൽപ്ലാനിൽ ഉള്ള പണം ഗവൺമെൻറ് ഏറ്റെടുക്കുന്നതിന് പകരം ആദിവാസികളുടെ ജനാധിപത്യ സമിതികളെ ഏൽപ്പിക്കേണ്ടിവരും (പ്രസാദ് എം കെ, 2003).

നേരത്തെ സൂചിപ്പിച്ചതുപോലെ ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം പുനരധിവാസത്തിന്റേതാണ്. ഗോത്രവിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുക എന്നത് കഠിനമായ ശ്രമം ആവശ്യമുള്ള പ്രവർത്തനമാണ്. പരിമിതമായ റവന്യൂ ഭൂമിയും വനഭൂമി യുമാണ് ഇപ്പോൾ കേരള സർക്കാരിന്റെ കയ്യിൽ ഉള്ളത്. ഗോത്ര വിഭാഗങ്ങൾക്ക് നേരത്തെ നൽകപ്പെട്ട ഭൂമി ഉപയോഗയോഗ്യമല്ലാത്തതിനാൽ പലരും താമസം ഉപേക്ഷിക്കുന്ന സാഹചര്യമുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ് ഇവർ അവിടം വിട്ടു പോകുവാൻ ഉള്ള കാരണം. ആയതിനാൽ ഗോത്രവിഭാ ഗങ്ങൾക്ക് നൽകുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കാനുള്ള സമാന്തര പ്രവർത്തനവും സർക്കാർ ഏറ്റെടുക്കേണ്ടതായുണ്ട്.

**കുടുംബശ്രീ പദ്ധതി**

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് 1998-ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച സംവിധാനമാണ് കുടുംബശ്രീ. സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷനാണ് ഈ പ്രോജക്ട് നടത്തുന്നത്. നബാർഡിന്റെ സഹായത്തോടെ കേരളസർക്കാർ ഈ പ്രോജക്ടിന് രൂപം നൽകി. 1998 മേയ് 17-ന് മലപ്പുറം ജില്ലയിൽ വച്ചാണ് ഈ പ്രോജക്ടിനു തുടക്കമായത്. ഇന്ന് കുടുംബശ്രീയുടെ പ്രവർത്തനം ശക്തവും വിപുലവു മാകുകയും സ്ത്രീകളുടെ കരുത്തുറ്റ സംഘടനാ സംവിധാനം നിലവിൽ വരികയും ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ലക്ഷക്ക ണക്കിന് കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. 15 മുതൽ 40 വരെ കുടുംബങ്ങളിൽ നിന്നും ഓരോ വനിത ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളും കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളും ഉൾപ്പെടുന്ന കുടുംബശ്രീ സംഘടനാ

സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. നൂതന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന മികച്ച ജനസേവന പരിപാടിക്ക് കോമൺവെൽത്ത് അസ്സോസിയേഷൻ ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള അന്താരാഷ്ട്ര സുവർണ്ണ പുരസ്കാരം, 119 രാജ്യങ്ങളിൽ നിന്നുള്ള എൻട്രികളോട് മത്സരിച്ച് നേടിയെടുക്കാൻ കഴിഞ്ഞു.

എല്ലാ കുടുംബങ്ങളെയും കുടുംബശ്രീ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗക്കാർക്കിടയിൽ നടത്തിയ പദ്ധതിയാണ് പട്ടികവർഗ്ഗ സുസ്ഥിര വികസനം. സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക, തൊഴിലില്ലായ്മ കുറയ്ക്കുക, ആരോഗ്യം വർദ്ധിപ്പിക്കുക, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക, വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നിവയ്ക്ക് ഈ പദ്ധതി പ്രാധാന്യം നൽകിയിരുന്നു. എന്നാൽ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം നേതൃത്വസ്ഥാനങ്ങളിൽ നിന്നും മലയരയർ തുടങ്ങിയ വിഭാഗങ്ങൾ പിന്മാറുന്ന പ്രവണത ആദിവാസി വിഭാഗങ്ങളിൽ നിലനിൽക്കുന്നു. ഇത് ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. മുഖ്യധാരാ സമൂഹം പദ്ധതികൾ തയ്യാറാക്കുകയും ഇടനിലക്കാരായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആദിവാസികളുടെ പല വികസന സാധ്യതയും പരിമിതപ്പെടുകയാണ് സത്യത്തിൽ ചെയ്യുന്നത്. ക്രിയാത്മകമായ മാറ്റങ്ങളോടെ കുടുംബശ്രീ പദ്ധതികളുടെ വിപുലീകരണം ഈ വിഭാഗങ്ങൾക്കിടയിൽ നടത്തേണ്ടതുണ്ട്.

**അഹാഡ്സും ഗോത്രമേഖലയും**

അട്ടപ്പാടി മേഖലയിൽ പരിസ്ഥിതിവികസനം ലക്ഷ്യമാക്കി സർക്കാർ രൂപീകരിച്ച പദ്ധതിയാണ് അഹാഡ്സ്. ബ്രിട്ടീഷ് ഭരണകാലം മുതൽ അവിടെ ആരംഭിച്ച വനനശീകരണം, വരൾച്ച, കുടിവെള്ളക്ഷാമം, താപനിലയിലുള്ള വർദ്ധനവ് ഇവയൊക്കെ ആദിവാസി മേഖലയുടെ നാശത്തിന് കാരണമായിട്ടുണ്ട്. അട്ടപ്പാടിയിൽ നശിച്ചുകൊണ്ടിരുന്ന പരിസ്ഥിതിയെ പുന:സ്ഥാപിക്കുന്നതിന് ജപ്പാൻ ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയാണ് അഹാഡ്സ് പദ്ധതി 1996-ൽ ആരംഭിച്ചത്. രാഷ്ട്രീയക്കാരുടെയോ ഇടനിലക്കാരുടെയോ ഇടപെടലുകൾ ഇല്ലാതെ അട്ടപ്പാടി ഗോത്രനിവാസികളെ പദ്ധതി നിർവഹണത്തിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനസ്ഥാപനം, സംരക്ഷണം, സ്ത്രീശക്തികരണം എന്നീ മൂന്ന് ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് അഹാഡ്സിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ഇതിന്റെ ഭാഗമായി വനസംരക്ഷണത്തിനായി സംയുക്ത വനപരിപാലന സംഘം രൂപീകരിച്ചു. ഊരുകളിലെ ഗോത്രനിവാസികളുടെ പ്രശ്നം പരിഹരിക്കാനും ആവശ്യങ്ങൾ മനസ്സിലാക്കുവാനുമായി ഊരു വികസനസമിതി രൂപീകൃതമായി. ഗുണഭോക്തൃ സംഘവും രൂപീകരിച്ചു. 1996 മുതൽ 2012 വരെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2017-ൽ കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ഏറ്റെടുത്തതോടെ വീണ്ടും അഹാഡ്സിന്റെ പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടായി.

അഹാഡ്സിന്റെ പ്രവർത്തനഫലത്തെക്കുറിച്ചുള്ള സർവ്വേയിൽ 66% പേരും അനുകൂല പ്രതികരണമാണ് നൽകിയിരിക്കുന്നത് എന്ന് ഈ വിഷയത്തിൽ പഠനം നടത്തിയ ദർശന ചൂണ്ടിക്കാണിക്കുന്നു. കാർഷിക സംസ്കാരത്തിൽ നിന്നും ആധുനികസംസ്കാരത്തിലേക്ക് ഗോത്ര സമൂഹത്തെ പരിവർത്തിപ്പിച്ചതിൽ അഹാഡ്സിന് വലിയൊരു പങ്കുണ്ടെന്ന് ഗവേഷക കണ്ടെത്തുന്നു (ദർശന സി, 2018). അഹാർഡ്സ് പദ്ധതിയുടെ അവസാന ഘട്ടങ്ങളിൽ കുടുംബശ്രീയുമായി യോജിച്ച് പ്രവർത്തിച്ചതിന്റെ ഫലമാണ് കമ്മ്യൂണിറ്റി കിച്ചണുകൾ. ഇത് ആദിവാസി മേഖലയിൽ വലിയ തോതിൽ ഗുണം ചെയ്തു. അട്ടപ്പാടിയിലേക്ക് ഒഴുകിയെത്തുന്ന മദ്യത്തെയും മയക്കുമരുന്നിനെയും തടയുന്നതിനായി രൂപീകരിക്കപ്പെട്ട സംഘടനയാണ് തായ്കുല സംഘം. സ്ത്രീ സമൂഹത്തെ ഏകോപിപ്പിച്ച് ലഹരിപദാർത്ഥങ്ങൾ ഒഴിപ്പിക്കുകയും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം. അഹാർഡ്സിന്റെ ഈ പ്രവർത്തനം പിന്നീട് മദ്യവിമുക്തഅട്ടപ്പാടി എന്ന ആശയത്തിലേക്ക് വികസിച്ചു.

അഹാർഡ്സ് പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കുമ്പോൾ അതിന് മുൻമാതൃകകൾ ഇല്ലായിരുന്നു. എന്നിട്ടും വളരെ കൃത്യമായ രീതിയിൽ പ്രവർത്തിക്കാൻ അതിന് കഴിഞ്ഞിട്ടുണ്ട്. അഹാർഡ്സ് പദ്ധതിയുടെ പ്രവർത്തനം ഗോത്രസമൂഹങ്ങൾക്കിടയിൽ മികച്ച രീതിയിലുള്ള മാറ്റങ്ങൾക്ക് കാരണമായി.

**പ്രശ്നപരിഹാര സാധ്യതകൾ-വിശകലനം**

ഗോത്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ലളിതമായ പരിഹാരങ്ങൾ ഇല്ല. എങ്കിലും ചില നിലപാടുകൾ ശക്തമായി എടുത്താൽ പ്രശ്നപരിഹാര സാധ്യതയിലേക്ക് വഴിതെളിഞ്ഞുകിട്ടും. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മാത്രമേ ഇതൊരു നിലപാടായി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അനധികൃത കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുക എന്നതാണ് അതിൽ പ്രധാനമായ ഒന്ന്. ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെട്ട എല്ലാ പ്രദേശങ്ങളിൽ നിന്നും ഭൂമി വിൽപ്പന സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചും പൊതു തെളിവെടുപ്പുകൾ നടത്തിയും ഭൂമി കണ്ടെത്തി തിരികെ നൽകണം. രണ്ടാമത്തേത് വനഭൂമി ആർക്കും പതിച്ചു കൊടുക്കുകയില്ല എന്ന നയം സ്വീകരിക്കണം.

പുതിയ സാമ്പത്തിക നയങ്ങളുടെയും സാമ്പത്തിക ഉദാരവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ കേരളത്തിന്റെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ആദിവാസികൾക്ക് പാർപ്പിടാവശ്യത്തിനുള്ള ഭൂമി ഉറപ്പാക്കുക എന്ന നയം സ്വീകരിക്കണം. സർക്കാർ പ്രോജക്ടുകളുടെ മാനേജ്മെൻറ് കാര്യക്ഷമമാക്കണം. അതാത് പ്രദേശത്തെ വനപരിപാലന ചുമതല ആദിവാസികൾക്ക് വിട്ടു നൽകുന്ന നയം സ്വീകരിക്കണം.

കേരള സംസ്ഥാന രൂപീകരണം മുതൽ സർക്കാർപദ്ധതികൾ വിവിധ വികസന വകുപ്പുകളുടെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു നടപ്പിലാക്കി

യിരുന്നത് എന്നാൽ പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ടുള്ള പ്രോജക്റ്റുകൾ ആസൂത്രണം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യങ്ങൾക്ക് അനുസരണമായും പട്ടികവർഗ്ഗ പങ്കാളിത്തം വർദ്ധിപ്പിച്ചും അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം മുതൽ 1974 -75 പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി കേരളത്തിൽ നടപ്പിലാക്കി. പട്ടികവർഗ്ഗ ഉപപദ്ധതി അനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ വികസന പ്രവർത്തനങ്ങൾക്കായി തുക വിലയിരുത്തുമ്പോൾ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി തുക ഉപപദ്ധതിക്കായി വിലയിരുത്തേണ്ടതാണ്.

മുഖ്യധാരാ സമൂഹം പദ്ധതികൾ തയ്യാറാക്കുകയും ഇടനിലക്കാർ രംഗത്ത് വരികയും ചെയ്യുകയാണ് സർക്കാർ പദ്ധതികളിൽ പൊതുവേ സംഭവിക്കുന്നത്. ഇത് ആദിവാസികളുടെ വികസനസാധ്യതയെ പരിമിതപ്പെടുത്തുന്നുണ്ട്. ഗോത്രവർഗ്ഗക്കാർക്കിടയിൽ നിന്നുള്ളവരെ പദ്ധതിയുടെ ആസൂത്രണഘട്ടത്തിൽ തന്നെ പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനം ഭാഗികമായെങ്കിലും കേരളത്തിൽ നടന്നുവരുന്നുണ്ട്. പദ്ധതിയുടെ ആസൂത്രണത്തിലും ക്രിയാനടത്തിപ്പിലും ആദ്യം മുതൽ അവസാനം വരെ അതത് ഗോത്രവിഭാഗത്തിൽ നിന്നുള്ളവരെ പ്രാദേശികമായി ഉൾപ്പെടുത്തിക്കൊണ്ട് മാത്രമേ പദ്ധതികൾ മുൻപോട്ടു കൊണ്ടുപോകാവൂ എന്നത് സർക്കാർ നയമായി സ്വീകരിക്കേണ്ടതുണ്ട്.

കഴിഞ്ഞ 30 വർഷമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തന ഫലമായി പട്ടികവർഗ്ഗ ജനസംഖ്യയിൽ 50 ശതമാനത്തിൽ അധികം വരുന്ന മലയരയ, കുറിച്യ, കുറുമ, കാണിക്കാർ വിഭാഗങ്ങൾ വിവിധ രംഗങ്ങളിൽ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. വളരെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന പണിയ-അടിയ പ്രാക്തന ഗോത്രവർഗ്ഗക്കാരിലും ശക്തമായ മാറ്റത്തിന് തുടക്കം കുറിക്കുവാനായിട്ടുണ്ട് എന്ന് സർക്കാർ റിപ്പോർട്ട് പറയുന്നു. പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയുന്നവർ എന്ന നിലയിൽ നിന്നും മാറാൻ ഇവർക്ക് സാധിച്ചത് ഗോത്രവിഭാഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികളുടെ വിന്യാസത്തിലൂടെ തന്നെയാണ്. എന്നാൽ ഇത് അവശ്യാധിഷ്ഠിത തുടർപ്രക്രിയയായി തന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. ഗോത്രവർഗ്ഗക്കാരുടെ പൊതുസമൂഹത്തിലെ ഇടപെടൽശേഷി വികസിപ്പിക്കുന്നതടക്കമുള്ള പദ്ധതികളിലേക്ക് ശ്രദ്ധ തിരിക്കേണ്ടത് ആവശ്യമാണ്.

ഗോത്രമേഖലയിൽ നടത്തിയിട്ടുള്ള മുഴുവൻ പദ്ധതികളുടെയും ഒരു സമഗ്ര അവലോകനം ലഭ്യമല്ല പദ്ധതി പഠനങ്ങൾ ഒറ്റതിരിഞ്ഞ് അക്കാദമിക മേഖലയിൽ നടക്കുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിലേക്ക് സർക്കാർ നയരൂപീകരണമായോ ഇവ മാറുന്നില്ല. പത്തുവർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഗോത്രപദ്ധതികൾ ആസൂത്രണം ചെയ്യുന്നത് എന്നത് പ്രധാന പരിമിതിയാണ് 2021-ൽ കോവിഡ്മഹാമാരി കാരണം സെൻസസ് നടക്കാത്തതിനാൽ സ്ഥിതിവിവരകണക്കുകൾ സമൂഹത്തിന്റെ തൽസ്ഥിതി വ്യക്തമാക്കുന്നുണ്ടോ എന്നതും ചിന്തിക്കണം. ഭാവിയിലെ പ്രോജക്ടുകളെ ഇത് ദോഷകരമായി ബാധിക്കാത്ത രീതിയിൽ സംവിധാനം ചെയ്യേണ്ടതുണ്ട്.

**ഉപസംഹാരം**

വിദ്യാഭ്യാസം, സാമൂഹിക വികസനം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട കേരളത്തിലെ ഗോത്രസമൂഹങ്ങളുടെ മുന്നേറ്റത്തിനായി സർക്കാർ ആവിഷ്കരിച്ച ചില പദ്ധതികളും അവയുടെ പ്രതിഫലനങ്ങളുമാണ് ഇതുവരെ ചർച്ച ചെയ്തത്. പരിമിതികൾ ഉണ്ടെങ്കിലും സർക്കാർ പദ്ധതികൾ ആദിവാസി ജനവിഭാഗത്തിന്റെ അടിസ്ഥാനപരമായ മുന്നേറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. വിവിധ സർക്കാർഏജൻസികളുടെ കാര്യക്ഷമമായ പരസ്പര വിനിമയ സംവിധാനത്തിലൂടെ ഈ പദ്ധതികളെ ഇനിയും വിപുലീകരിക്കാൻ കഴിയും. തദ്ദേശീയ ജനതയുടെ ആവശ്യങ്ങളും ലക്ഷ്യങ്ങളും അറിഞ്ഞ് സമൂഹപുരോഗതിക്കായി അവരെ ചേർത്തു പിടിക്കേണ്ട ബാധ്യത മുഖ്യധാരാസമൂഹത്തിനുണ്ട്.

**ഗ്രന്ഥസൂചി**

ഇക്ബാൽ ബി. 2013. *അട്ടപ്പാടിയിൽ സംഭവിക്കുന്നത്.* തിരുവനന്തപുരം:ചിന്താ പബ്ലിഷേഴ്സ്.

ഗോപിനാഥൻ.ആർ. 2019. *കേരളത്തിന്റെ ഗോത്രവർഗവൈവിധ്യകം.* തിരുവനന്തപുരം: കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

ദർശന.സി. 2018. *അഹാഡ്സിനെക്കുറിച്ചുള്ള പഠനം.*സമീക്ഷ സോഷ്യോളജി ജേണൽ, തിരൂർ: മലയാളസർവകലാശാല.

നെട്ടൂർ പി ദാമോദരൻ. 1974. *ആദിവാസികളുടെ കേരളം.* തിരുവനന്തപുരം:കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

പാനൂർ.കെ. 1990. *ആദിവാസികളുടെ അമേരിക്ക.* കോട്ടയം:നാഷണൽ ബുക്ക് സ്റ്റാൾ.

പ്രസാദ്.എം.കെ. 2003.*ആദിവാസി സമരത്തിന്റെ അർത്ഥാന്തരങ്ങൾ.* കോഴിക്കോട്: കേരളശാസ്ത്രസാഹിത്യപരിഷത്ത്.

മഞ്ജുള ഭാരതി,(എഡി.) 2017. *കേരളത്തിലെ ആദിവാസി സമൂഹങ്ങളും കുടുംബശ്രീ ഇടപെടലുകളും.* തിരുവനന്തപുരം:കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

മനോജ് മാതിരപ്പള്ളി. 2017. *കേരളത്തിലെ ആദിവാസികൾ കലയും സംസ്കാരവും.* കോട്ടയം:ഡിസി ബുക്സ്.

റിപ്പോർട്ട്, 2011. *മൂന്നാം അന്താരാഷ്ട്ര പഠനകോൺഗ്രസ്.*തിരുവനന്തപുരം:എകെജി പഠന ഗവേഷണ കേന്ദ്രം.

ശാന്ത തുളസീധരൻ. 2016. *കേരളത്തിലെ ആദിവാസികൾ ജീവിതവും സംസ്കാരവും.* കോഴിക്കോട്:മാതൃഭൂമി ബുക്സ്.

സർവെ റിപ്പോർട്ട്, 2011. തിരുവനന്തപുരം:കില.

സർക്കാർ റിപ്പോർട്ട്. 2008. *ഗവ. നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച റിപ്പോർട്ട്.* തിരുവനന്തപുരം:നിയമസഭ.

*Census Report*. 2011.NewDelhi: Govt. Of India.

Manu George.2014.*School Dropouts among Tribal Students*. Project Report. Tvm.

Ramesh K. 2019. Unpublished Ph.D Thesis Titled *The Study on Educational Status of Muthuvan Tribes of Edamalakudi Panchayath, Idukki Dist., Kerala.* Gandhi Gram Rural Institute: Tamilnadu.

Scheduled Tribes Development Department (STDD).2013. *Report on the Socio-Economic Status of the Scheduled Tribes of Kerala.* Scheduled Caste Development Department: Government of Kerala.